# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4311** | **24/10/2016-ൽ മറുപടിക്ക്**

## കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയുടെ മരുന്നുകൾ

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി)

എ) സംസ്ഥാനത്തെ മരുന്നു കമ്പനികൾ ഉല്പാദിപ്പിക്കുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം ഉണ്ടോ; ഇതിനായി പരിശോധനാലാബുകൾ ആരംഭിക്കുമോ;

എ) ഉണ്ട്.
കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന 98% മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിച്ച് ഇവിടെ വിറ്റഴിക്കപ്പെടുന്നതാണ്. ഏകദേശം 90-ൽ പരം ചെറുകിട ഫാർമ വ്യവസായ യൂണിറ്റുകൾ മാത്രമാണ് സംസ്ഥാനത്തുള്ളത്. വളരെ സങ്കീർണ്ണമായ നിർമ്മാണ പ്രക്രിയകളിലൂടെയാണ് മരുന്നുകളുടെ ഓരോ ഫോർമുലേഷനും നിർമ്മിക്കപ്പെടുന്നത്. അസംസ്കൃത വസ്തുക്കളുടെ സംഭരണം മുതൽ ഫിനിഷ്ഡ് ഫോർമുലേഷൻ വിപണിയിലേയ്ക്ക് റിലീസ് ചെയ്യുന്നതുവരെയുള്ള ഓരോ ഘട്ടങ്ങളിലും നിർമ്മിക്കപ്പെടുന്ന ഓരോ ബാച്ചുകളും കർശനമായ ഗുണനിലവാര പരിശോധനകൾ നടത്തിയും ജി.എം.പി-ൽ നിഷ്കർഷിച്ചിട്ടുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ്ങ് പ്രൊസീജിയേഴ്സ് കംപ്ലൈ ചെയ്തുകൊണ്ടാണ് ഓരോ ബാച്ചും വിതരണത്തിനായി എത്തിക്കുന്നത്. ഇത് ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കർശന നിരീക്ഷണത്തിലുമാണ്. ആയതിനാൽ വിപണിയിലുള്ള മരുന്നുകളെല്ലാം തന്നെ ഗുണനിലവാരം ഉറപ്പാക്കിയിട്ടുള്ളതാണ്. എന്നാൽ മൂന്നു മുതൽ അഞ്ചു വർഷം വരെ ഷെൽഫ് ലൈഫ് ഉള്ള മരുന്നുകൾ അവയുടെ കാലാവധിയിൽ ചിലപ്പോൾ രാസപരിണാമം അനുസരിച്ച് ഘടനയിലോ, ഗുണനിലവാരത്തിലോ മാറ്റം വരാറുണ്ട്. ആയതിനാൽ ഷെൽഫ് ലൈഫ് പീരിയഡിൽ ഉടനീളം ഗുണനിലവാരം നിലനിർത്തുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ഡ്രഗ്സ് കൺട്രോൾ വകുപ്പ് എല്ലാ ജില്ലകളിലുമുള്ള മൊത്ത/ചില്ലറ വ്യാപാരസ്ഥാപനങ്ങൾ, ആശുപത്രികൾ (ഗവൺമെന്റ്/പ്രൈവറ്റ്) എന്നിവിടങ്ങളിൽ നിന്നും റാൻഡം സാമ്പിളുകൾ ചട്ടപ്രകാരം ശേഖരിച്ച് ഗുണനിലവാര പരിശോധനയ്ക്കായി ഡ്രഗ്സ് ടെസ്റ്റിംഗ്

ലാബുകളിലേയ്ക്ക് അയയ്ക്കുന്നുണ്ട്. നിലവിൽ ഡ്രഗ്സ് കൺട്രോൾ വകുപ്പിന് കീഴിൽ തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിച്ചു വരുന്ന രണ്ട് മരുന്നു പരിശോധനാ ലാബറട്ടറികളാണ് ഉള്ളത്. ഇവിടെ 8000 ത്തോളം മരുന്നു സാമ്പിളുകൾ ഗുണനിലവാര പരിശോധനക്ക് വിധേയമാക്കുന്നുണ്ട് . കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഗുണനിലവാര പരിശോധന കണക്കുകൾ പ്രകാരം ഗുണനിലവാരമില്ലാത്ത മരുന്നുകൾ നാല് ശതമാനത്തിൽ താഴെ മാത്രമാണ് വരുന്നത്. മരുന്നുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിൽ രാജ്യത്ത് നമ്മുടെ സംസ്ഥാനം മുൻപന്തിയിലാണ്.തൃശ്ശൂർ, കോന്നി, കോഴിക്കോട് എന്നിവിടങ്ങളിൽ പുതിയ ലാബറട്ടറികൾ തുടങ്ങുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇവ കൂടി പ്രവർത്തനക്ഷമമാകുന്നതോടെ കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന ആകെ മരുന്നു ബ്രാൻഡുകളുടെ ഏകദേശം പത്ത് ശതമാനം സാമ്പിളുകളുടെയെങ്കിലും ഗുണനിലവാര പരിശോധന നടത്താനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ബി)** കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനിയുടെ മരുന്നുകൾ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവ സംസ്ഥാനത്തെ ആശുപത്രികളിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; ഇവയുടെ ലഭ്യത ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുമോ;

**ബി)** ഉണ്ട്.
കാര്യക്ഷമതാ സമയം കഴിഞ്ഞ ആംപിസിലിൻ കാപ്സ്യൂൾ 250 Mg, ഒമിപ്രസോൾ 20 Mg, അമലോടിപിൻ 2.5 Mg, അമലോടിപിൻ 5.0 Mg എന്നീ മരുന്നുകൾ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ കെട്ടിക്കിടക്കുന്നുണ്ട്.

**സി)** കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് കമ്പനി വഴി എടുക്കുന്നതിന് നടപടികൾ ആരംഭിക്കുമോ?

**സി)** കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിൽ നിന്നും നിലവിൽ മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എടുത്തുവരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**